# കേരളസർവകലാശാല

**നം.പി.ആർ.186/2023** **തിരുവനന്തപുരം, തീയതി: 13/09/2023**

## പത്രക്കുറിപ്പ്

### കേരളസർവകലാശാല: ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനം – 2023 എല്ലാ മേഖലകളിലെയും എയ്ഡഡ് കോളേജുകളിലേയ്ക്കുള്ള കമ്മ്യൂണിറ്റി ക്വാട്ട സ്പോട്ട് അലോട്ട്മെന്റ് സെപ്റ്റംബർ 18 ന് എസ്.എൻ. കോളേജ്, കൊല്ലത്ത് വച്ച് നടത്തുന്നു.

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലെ ഒന്നാം വർഷ ബിരുദാനാന്തര ബിരുദ കോഴ്സുകളിൽ ഒഴിവുള്ള കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്ക് (എല്ലാ മേഖലകളിലെയും എയ്ഡഡ് കോളേജുകളിലേയ്ക്ക്) അതാത് വിഭാഗങ്ങൾക്ക് ( PG prospectus Page No. 67 and 68 കാണുക) സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു.

വിദ്യാർത്ഥികൾ കമ്മ്യൂണിറ്റി ക്വാട്ട അപേക്ഷയുടെ പ്രിന്റ് ഔട്ട്, യോഗ്യതയും ജാതിയും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ എന്നിവ സഹിതം 2023 സെപ്റ്റംബർ 18 ന് രാവിലെ 10 മണിക്ക് മുമ്പായി കൊല്ലം എസ്.എൻ. കോളേജിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സമയം 8 മണി മുതൽ 10 മണി വരെ. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ നേരിട്ട് ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം (Authorization Letter) നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്.

നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി. വാങ്ങുവാൻ പാടുള്ളൂ. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. ഇതുവരെ അഡ്മിഷൻ ഫീസ് അടയ്ക്കാത്ത വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ (എസ്.ടി./എസ്.സി. വിഭാഗങ്ങൾക്ക് 200/– രൂപ, ജനറൽ, മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1030/– രൂപ) അടയ്ക്കേതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുൻപ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പ്രസ്തുത പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതേണ്ടതാണ്.

ഒഴിവുള്ള സീറ്റുകളുടെ വിവരം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. (https://admissions.keralauniversity.ac.in/pg2023/)

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാല കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ നടത്തി വരുന്ന AICTE അംഗീകാരമുള്ള എം.ടെക്. കമ്പ്യൂട്ടർ സയൻസ് കോഴ്സിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ

നടത്തുന്നു. താൽപ്പര്യമുള്ള വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി 2023 സെപ്റ്റംബർ 15ന് രാവിലെ 10.30 ന് കാര്യവട്ടം യൂണിവേഴ്സിറ്റി ക്യാമ്പസ്സിലെ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ ഹാജരാകേണ്ടതാണ്.

## പരീക്ഷ രജിസ്ട്രേഷൻ

കേരളസർവകലാശാല ഒന്നാം സെമസ്റ്റർ എം.എ/എം.എസ്സി/എം.കോം/എം.എസ്.ഡബ്ല്യൂ. (ന്യൂജനറേഷൻ കോഴ്സ് – റെഗുലർ – 2022 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2020 അഡ്മിഷൻ), ഒക്ടോബർ 2023 ഡിഗ്രി പരീക്ഷകൾക്ക് പിഴ കൂടാതെ സെപ്റ്റംബർ 23 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 28 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 30 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ അറബിക് ടൈപ്പിംഗ്

കേരളസർവകലാശാല അറബി വിഭാഗം നടത്തി വരുന്ന ഹ്രസ്വകാല അറബിക് ടൈപ്പിംഗ് കോഴ്സിന്റെ പതിമൂന്നാം ബാച്ചിലേക്കുള്ള അപേക്ഷ ക്ഷണിച്ചു. യോഗ്യത: പ്ലസ് ടു/തത്തുല്യം, ഫീസ്: 3000 രൂപ, കാലാവധി : 3 മാസം. അപേക്ഷ ഫോം കാര്യവട്ടത്തുള്ള അറബി വിഭാഗം ഓഫീസിലും, വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും (www.arabicku.in) ലഭ്യമാണ്. അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ സഹിതം 2023 സെപ്റ്റംബർ 19 (ചൊവ്വ) രാവിലെ 10 മണിക്ക് വകുപ്പിൽ എത്തിച്ചേരേണ്ടതാണ്. വിശദവിവരങ്ങൾക്ക്: 0471 - 2308846.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)**

**E-mail:**For queries helpdesk@keralauniversity.ac.in
**website:** www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**